*"ഭരണഭാഷ മാതൃഭാഷ"*

**വ്യാവസായിക പരിശീലന വകുപ്പ്**
**(കേരള സംസ്ഥാനം)**

നമ്പർ: എ7/12665/2013(1) — തൈക്കാട്, തിരുവനന്തപുരം-14
തീയതി: 18/5/2013

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഐ.ടി.ഐ /എ.വി.റ്റി.എസ് പ്രിൻസിപ്പാൾ,

എല്ലാ ആർ.ഐ.സി. ട്രെയിനിംഗ് ഓഫീസർ

ജോയിന്റ് ഡയറക്ടർ റീജണൽ ഡയറക്ടറേറ്റ്, കണ്ണൂർ

സ്പെഷ്യൽ ഓഫീസർ, ബി.റ്റി.ഐ കഴക്കൂട്ടം

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം- ശമ്പള നിർണ്ണയ അപാകതകൾ-അധികമായി കൈപ്പറ്റിയ തുകകൾ തിരിച്ചടയ്ക്കുന്നതു-സംബന്ധിച്ച്.

സൂചന:- ധനകാര്യ വകുപ്പിന്റെ 12/2013/ധന നമ്പർ 30/01/13 ലെ സർക്കുലർ.

സൂചന സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നാളിതുവരെയുള്ള ശമ്പളം, ഗ്രേഡ്, അലവൻസ് എന്നിവയുടെ നിർണ്ണയം കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കനുസൃതമാണോ എന്ന് പുനഃപരിശോധന നടത്തേണ്ടതും അധികതുക അനുവദിച്ചു നൽകിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അധികമായി കൈപ്പറ്റിയ തുക സംബന്ധിച്ച കണ്ടെത്തലുകൾ 10 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

A-21-5-13

12665

# കേരള സർക്കാർ

## ധനകാര്യ (പി.ആർ.സി-സി) വകുപ്പ്

## സർക്കുലർ

നം. 12/2013/ധന                                                  തീയതി, തിരുവനന്തപുരം, 30/01/2013

വിഷയം:- ശമ്പള നിർണ്ണയ അപാകതകൾ- അധികമായി കൈപ്പറ്റിയ തുകകൾ തിരിച്ചടയ്ക്കുന്നത്- സംബന്ധിച്ച്

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിലും, ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധനകളിലും വിവിധ സർക്കാർ, അർധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർ ശമ്പള നിർണ്ണയത്തിലെ അപാകതകൾമൂലം അധികമായി തുക കൈപ്പറ്റുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ശമ്പള നിർണ്ണയ അധികാരികളുടെ ശ്രദ്ധക്കുറവുമൂലം ശമ്പള നിർണ്ണയം നടത്തുമ്പോൾ വെയിറ്റേജ് നൽകൽ, ഗ്രേഡ്, അലവൻസ് തുടങ്ങിയവയുടെ പ്രാബല്യ തീയതി കണക്കാക്കൽ എന്നിവയിൽ സംഭവിക്കുന്ന പിഴവുകളാണ് ഇതിന് കാരണം. ഇങ്ങനെ അധികമായി കൈപ്പറ്റുന്ന തുകകൾ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാൽ, അധികം കൈപ്പറ്റുന്ന തുകക്ക് പുറമെ പലിശ ഇനത്തിലും സർക്കാരിന് നഷ്ടം സംഭവിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശമ്പള നിർണ്ണയത്തിലെ അപാകതകൾ മൂലം അധികമായി കൈപ്പറ്റിയ തുകകൾ യഥാസമയം കണ്ടെത്തി തിരിച്ചടക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. വിവിധ സർക്കാർ, അർധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ തലവന്മാർ തങ്ങളുടെ കീഴിലുള്ള ഓഫീസുകളിലെ ജീവനക്കാരുടെ നാളിതുവരെയുള്ള ശമ്പളം, ഗ്രേഡ്, അലവൻസ് എന്നിവയുടെ നിർണ്ണയം, കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കനുസൃതമാണോ എന്ന് പുന:പരിശോധന നടത്തേണ്ടതും അനധികൃതമായി അധിക തുക അനുവദിച്ചുനൽകിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

2. വകുപ്പു തലവൻമാർ/മേലധികാരികൾ മേൽപറഞ്ഞ പരിശോധന നടത്തുന്നതിന് ഓരോ ഓഫീസിലും ശമ്പള നിർണ്ണയ അധികാരിയെ ചുമതലപ്പെടുത്തേണ്ടതും ഈ പരിശോധന 30.06.2013-നു മുമ്പ് പൂർത്തിയാക്കേണ്ടതും, ഏതെങ്കിലും ജീവനക്കാരൻ തെറ്റായ ശമ്പള നിർണ്ണയം മൂലം അധികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരിച്ചടപ്പിയ്ക്കേണ്ടതുമാണ്.

3. അധികമായി കൈപ്പറ്റിയ തുക ജീവനക്കാരന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണെങ്കിൽ അതിന് കാലാകാലങ്ങളിലെ പ്രോവിഡന്റ് ഫണ്ട് പലിശ നിരക്കനുസരിച്ചുള്ള പലിശയും ജീവനക്കാരന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്ന് കുറവുവരുത്തേണ്ടതാണ്. ഇങ്ങനെ കുറവുചെയ്യപ്പെടേണ്ട തുക സംബന്ധിച്ച നിർദ്ദേശം സർക്കാർ ജീവനക്കാരുടേത് അക്കൗണ്ടന്റ് ജനറലിനും, മറ്റുള്ളവ അതാത് പ്രോവിഡന്റ് ഫണ്ട് നിയന്ത്രണ അധികാരിയ്ക്കും സർക്കുലറിൽ

(മറുപുറം)

നിർദ്ദേശിച്ച തീയതിയ്ക്കകം നല്കേണ്ടതും, ടി സംഖ്യ യഥാവിധി കുറവുചെയ്യപ്പെട്ടുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

4. 01.07.2013–ന് ശേഷം കണ്ടുപിടിക്കപ്പെടുന്ന തുകയ്ക്ക്, തുക കൈപ്പറ്റിയ തീയതി മുതൽ 18% പലിശ ശമ്പള നിർണ്ണയ അധികാരിയിൽ നിന്നും ഈടാക്കേണ്ടതും കാലാകാലങ്ങളിലെ പ്രോവിഡന്റ് ഫണ്ട് പലിശ അതാത് ജീവനക്കാരന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിന്നും കുറവു ചെയ്യേണ്ടതുമാണ്.

5. അധികമായി കൈപ്പറ്റിയ തുക തിരിച്ചടവിന് കേരള ഫൈനാൻഷ്യൽ കോഡിലെ പാർട്ട് 1 ചട്ടം 62–ൽ അനുശാസിക്കുന്ന പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

6. അധികമായി കൈപ്പറ്റിയ തുക യഥാസമയം ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തുക ശമ്പള നിർണ്ണയ അധികാരിയുടെ ബാധ്യതയായി കണക്കാക്കേണ്ടതും ടി അധികാരി റിട്ടയർ ചെയ്യുന്ന പക്ഷം ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും കെ.എസ്.ആർ. പാർട്ട് III-ലെ 3, 116 എന്നീ ചട്ടങ്ങൾ പ്രകാരം ടി തുക ഈടാക്കേണ്ടതുമാണ്.

7. ഓരോ വകുപ്പിലും ജീവനക്കാരുടെ കാലാകാലങ്ങളിലെ ശമ്പള നിർണ്ണയം ചട്ട പ്രകാരമാണെന്ന് ഉറപ്പുവരുത്താൻവേണ്ടിയുള്ള നിർദ്ദേശങ്ങൾ വകുപ്പു തലവൻമാർ അതാതു വകുപ്പിലെ Internal Auditing വിഭാഗത്തിന് നല്കേണ്ടതാണ്.

8. വകുപ്പുതലവന്മാർ തങ്ങളുടെ കീഴിലുള്ള ഓഫീസുകളിലെ തിരിച്ചടയ്ക്കപ്പെടുന്ന തുകകൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് 31.07.2013–നു മുമ്പായി ധനകാര്യ വകുപ്പിന് നല്കേണ്ടതാണ്.

രാജേഷ് കുമാർ സിൻഹ
എക്സ്പെൻഡിച്ചർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എല്ലാ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി / അഡീഷണൽ സെക്രട്ടറി / ജോയിന്റ് സെക്രട്ടറി / ഡെപ്യൂട്ടി സെക്രട്ടറി / അണ്ടർ സെക്രട്ടറിമാർ .
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ പൊതു മേഖലാ, സ്വയംഭരണ, വെൽഫയർ ഫണ്ട് ബോർഡ് മേധാവികൾക്കും
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികളും സബ് ട്രഷറികളും
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
നോഡൽ ഓഫീസർ. www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൈക്കാട്, തിരുവനന്തപുരം-14
തീയതി: 30/4/2013

പുറത്തെഴുത്ത് നമ്പർ: A7/12665/2013

ടി ഉത്തരവിന്റെ പകർപ്പ് അയച്ചു തരുന്നു. ഇതിൽ പറഞ്ഞിരിക്കുന്ന പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് 30.6.2013-ന് മുൻപായി ഇവിടെ നൽകേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

എല്ല ഐടിഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ആർ.ഐ.സി. ട്രെയിനിംഗ് ഓഫീസർമാർക്കും
എ.വി.റ്റി.എസ് പ്രിൻസിപ്പാൾ/ജോയിന്റ് ഡയറക്ടർ
റീജണൽ ഡയറക്ടറേറ്റ് കണ്ണൂർ/സ്പെഷ്യൽ ഓഫീസർ, എസ്.റ്റി.ഐ, കഴക്കൂട്ടം